കർണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ

ലിറ്റിൽ കൈറ്റ്സ്

# തരണിക

ഡിജിറ്റൽ മാഗസിൻ 26



# ആശംസകൾ



ആധുനിക യുഗത്തിന്റെ
മാസ്മരികതളെ  ഇണക്കിചേർക്കാനും
കോർത്തുപിടിപ്പിക്കാനും
ശ്രമിക്കുന്ന വിദ്യാലയത്തിലെ നാളത്തെ
പൗരന്മാർക്ക്
ഇന്നിന്റെ മിടുക്കരായ
കുരുന്നുകൾക്ക്
ഒരായിരം ആശംസകൾ

മാനേജർ നടരാജൻ മാസ്റ്റർ

വായനയുടെ നവലോകം തികച്ചും വ്യത്യസ്തവും വിസ്മയ
കരവുമാണ് തരംഗിക എന്ന ഡിജിറ്റൽ മാഗസിൻ നമ്മളോട്
സംഘടിവിസ്മയ കരവുമാണ്
തരംഗിക എന്ന ഡിജിറ്റൽ
മാഗസിൻ നമ്മളോട് സംവദി
ക്കുന്നത് പുതിയ കാലത്തെ
വിദ്യാർത്ഥികൾക്കെല്ലാം
അറിവിന്റെ പുതിയ വഴികൾ
തുറക്കുന്നതിന് ആവട്ടെ എന്ന് ഹൃദയപൂർവ്വം
ആശംസിക്കുന്നു



പ്രിൻസിപ്പാൾ വി  കെ രാജേഷ്

കർണകിയമ്മൻ  ഹയർ സെക്കൻഡറി സ്കൂളിലെ ഡിജിറ്റൽ ലോകം പാലക്കാട് ജില്ലയുടെ തന്നെ അഭിമാനമാണ് ഇവിടുത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അണിയിച്ചൊരുക്കുന്ന തരണിക എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു



HM കെ വി നിഷ ടീച്ചർ

2025ലെ തരണിക എന്ന ഡിജിറ്റൽ മാഗസിൻ വിജയകരമായി പുറത്തിറക്കിയതിന് ലിറ്റിൽ kites കർണ്ണക യമൻ എച്ച്എസ്എസ്സിലെ മുഴുവൻ ടീമിനും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ വിവരങ്ങൾ പുരോഗതിയെ നയിക്കുന്ന അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്ത് ഈ മാഗസിൻ നവീകരണത്തിന്റെയും സർഗാത്മകതയുടെയും ചിന്താ നേതൃത്വത്തിന്റെയും ഒരു ദ്വീപ് സ്തംഭമായി നിലകൊള്ളുന്നു. ഉയർന്ന നിലവാരമുള്ള ഉള്ളടക്കം ആകർഷകമായ ദൃശ്യങ്ങൾ ഉൾക്കാഴ്ചയുള്ള കാഴ്ചപ്പാടുകൾ എന്നിവ നൽകുന്നതിനുള്ള നിങ്ങളുടെ പ്രതിബദ്ധത ശരിക്കും പ്രശംസനീയമാണ് ഡിജിറ്റൽ മാധ്യമം സ്വീകരിക്കുന്നതിലൂടെ വിദ്യാർഥികൾക്ക് കണക്ട് ചെയ്യാനും പഠിക്കാനും പ്രചോദനം നൽകാനും നിങ്ങൾ പുതിയ വാതിലുകൾ തുറന്നിരിക്കുന്നു പരിസ്ഥിതി സൗഹൃദപരവും വർധിച്ച പ്രവേശനക്ഷമതയും ചെലവ് കുറഞ്ഞതുമായി ഡിജിറ്റൽ വായനയെ നമുക്ക് പ്രോത്സാഹിപ്പിക്കാം.



വിനോദ് ജി

# താളുകൾ മറിക്കുമ്പോൾ 


1 വിദ്യാലയത്തെ കുറിച്ച്

2 സ്കൂളിന്റെ അഭിമാനതാരങ്ങൾ

3 അമ്മയെപ്പോലെ സ്നേഹിക്കാൻ കടലമ്മ

4 ക്ലിക്ക്

5 തിരമാലകൾ എന്നെ പഠിപ്പിച്ച പാഠങ്ങൾ

6 ഹൃദയത്തിൽ പതിഞ്ഞത്

7 തിരമാലകൾ എന്നോട് പറഞ്ഞത്

8 ക്ലിക്ക്

9 ഉപന്യാസം

10 കൗമാരവും കരുതലും

# ലിറ്റിൽ കൈറ്റ്സ്
# 2024-27

സർഗ്ഗധനരേ

ഞങ്ങൾ പാലക്കാട് മൂത്താന്തറ കർണകിയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ ഡിജിറ്റൽ കൂട്ടായ്മ  കർണകിയുടെ അനുഗ്രഹാ ശി സുകളോടെ വീണ്ടും ഒരു ഡിജിറ്റൽ മാസികയുമായി

ഇതാ... വരുന്നു. സാഹിത്യ കലാപ്ര ണയികളായ  ഒരു കൂട്ടം വിദ്യാർഥികളും അധ്യാപകരും തങ്ങളാൽ ആവും വിധം അണിയിച്ചൊരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ  ഏവർക്കും ഇഷ്ടപ്പെടും എന്ന് കരുതുന്നു.മുൻകാല ഡിജിറ്റൽ മാഗസിൻ രണ്ട് കൈയും നീട്ടി  സഗർഷം ന



അനുഗ്രഹിച്ച്.എല്ലാവരും ഈ ”തരണി ക് മാസികയേയും സ്വീ കരിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. വേണ്ട സമയത്ത് വേണ്ട ഉപദേശങ്ങളും, നിർദ്ദേശങ്ങളും തന്ന ഞങ്ങളുടെ പ്രധാന അദ്ധ്യാപിക മറ്റ് അധ്യാപകർ, അനധ്യാപകർ മുഖ്യ ചുമതല വഹിച്ച അധ്യാപിക എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു. തരണയിലെ കലാവിഭവങ്ങൾ വേണ്ടുവോളം ആസ്വദിക്കാൻ കഴിയട്ടെ എല്ലാവർക്കും. നിങ്ങളുടെ മഹനീയമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഇനി വരാനിരിക്കുന്ന ഡിജിറ്റൽ മാഗസിനുകൾക്കു ഉത്തേജകം ആവട്ടെ.

# വിദ്യാലയത്തെക്കുറിച്ച് ......




വിദ്യാലയത്തിന്റെ സ്ഥാപകമേനേജറായ ശ്രീ രാമനുണ്ണിമന്നാടിയാരുടെ മഹനീയ നേതൃത്വത്തിൽ മുത്താന്തറഎജുക്കേഷണൽ സൊസൈറ്റി രൂപീകരിക്കപ്പെട്ടു.പ്രസ്തുത സൊസൈറ്റിയുടെആഭിമുഖ്യത്തിൽ 1966 ജൂൺ ഒന്നാം തിയ്യതി കർണ്ണകയമൻ ഹൈസ്കൂൾആരംഭിച്ചു. ഇഗ്ലീഷ് മീഡിയത്തിലേക്കും ഹയർമസക്കന്ററി കോളേജ് തലങ്ങളിലേക്കും ഉയർന്നസ്കൂളിന് മാർഗദർശികളാവുന്നത് പതിനൊന്നംഗഭരണ സമിതിയാണ്. നിലവിൽ വിദ്യാലയമാനേജർ യു. കൈലാസമണി, ഹെഡ്മിസ്ട്രസ്സ് എം കൃഷ്ണവേണി, പ്രിൻസിപ്പാൾ വി. കെ രാജേഷ് എന്നിവർചുമതല നിർവ്വഹിക്കുന്നു.

പാലക്കാട് പട്ടണത്തിൽ നിന്നുംപ്രാന്തപ്രദേശങ്ങളിൽ നിന്നുമായി ആയിരക്കണ ക്കിനിവിദ്യാർത്ഥികളെ ആകർഷിച്ചുകൊണ്ട് അഞ്ച്പതിറ്റാണ്ടിന്റെ പാരമ്പര്യമികവും അക്കാദമിക മികവുംപുലർത്തി പാലക്കാട് വിദ്യാഭ്യാസമേഖലയിലെശ്രദ്ധേയമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്കർണ്ണകയമ്മൻ ഹൈസ്കൂൾ. ശാസ്ത്രീയമായിരൂപകല്പന ചെയത ലാബുകൾ, ലൈബ്രറി.അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയക്ലാസ്സ് റൂമുകൾ, ഏത് വിദ്യാലയത്തി ലുംകാണാൻ കഴിയാത്ത് മാത്സ് ലാബ്, മ്യൂസിയം സ്കൂൾ വാഹനങ്ങൾതടങ്ങിയ സൗകര്യങ്ങളാണ് ഇവിടെ പഠിക്കുന്നഓരോ കുട്ടിക്കും ഞങ്ങൾ ഒരുക്കിക്കൊടുക്കുന്നതെന്ന് അഭിമാനപൂർവ്വം പാറയട്ടെ, ഇതിനുപിന്നിലുള്ളത് ശക്തമായ മാനേജ്മെന്റും ക്രിയാത്മകമായസ്റ്റാഫംഗങ്ങളും, എന്നും പിൻബലമായി നിൽകുന്നപി.ടി. എ. യുമാണെന്ന് ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. ഇതോടൊപ്പം സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് സഹകരണ നൽകുന്ന സേവന സമാജം,കാച്ചനാംകുളം തിരുപുരായ്ക്കൽ ക്ഷേത്രസമിതി,വിവിധസന്നദ്ധ സംഘടനകൾ ഇവരുടെ സേവനംനന്ദിയോടെ സ്മരിക്കുന്നു



# സ്കൂളിന്റെ അഭിമാനതാരങ്ങൾ

## സബ്ജില്ലാ കായികമേള വിജയികൾ



8/10/25 kho-kho സബ്ജില്ലയിൽ രണ്ടാം സ്ഥാനം



Muhammed febin fazim f 9b ഹൈജമ്പിൽ ഒന്നാം സ്ഥാനം



ജാവലിൻ ത്രോയിൽ സീനിയർ ബോയ്സിൽ അലൻ ഫസ്റ്റ് നേടി



Aswajith s 8b kho- khc ടീമിൽ സെലക്ഷൻ കിട്ടി



Kho - kho ടീമിൽ ബെസ്റ്റ് കളിക്കാരിയായി സാൻവികയ്ക്ക് ടീമിൽ നിന്നും സെലക്ഷൻ കിട്ടി




സീനിയർ വിഭാഗം ഹാമർ ത്രോ ഒന്നാം സ്ഥാനം ഡിസ്കസ് ഷോട്ട്പുട്ട് എന്നിവയിൽ രണ്ടാം സ്ഥാനത്തിനും അർഹത നേടിയ നവനീത് കൃഷ്ണ ഹയർ സെക്കൻഡറി വിദ്യാർത്ഥിയാണ്

പാലക്കാട് ഉപജില്ലയിൽ ജൂനിയർ ബോയ്സ് ഗേൾസ് ഷട്ടിലിൽ കർണകിയമ്മൻ സ്കൂൾ ചാമ്പ്യൻ ആയി






## IT മേളയിലെ വിജയികൾ



വൈഷ്ണവി എസ് പ്രസന്റേഷൻ സെക്കൻഡ്



ശരൺ ശങ്കർ മലയാളം ടൈപ്പിങ്ങിൽ സെക്കൻഡ്




ശ്രീശാന്ത് എസ് ഡിജിറ്റൽ പെയിന്റിങ് സെക്കൻഡ്

ജില്ലയിൽ വൈഷ്ണവി എസ് എ ഗ്രേഡ് നേടി ശ്രീശാന്ത് എസ്, ശരൺ ശങ്കർ എന്നിവർ ബി ഗ്രേഡ് നിലനിർത്തി

# സബ്ജില്ലാ മേളയിലെ വിജയികൾ

## സബ്ജില്ലാ ഗണിതശാസ്ത്രമേളയിലെ വിജയികൾ



Neha h
single
project
1st



Vijith R
still
model
1st



Anusree
S
number
chart 2nd



Ajmal A
geometri
cal chart
2nd



Bhadra sanal,
spandhana p
group project 1st



Manikandan
R hs
geogebra 1st

ഗണിത
മാഗസിൻ 2 nd

**86 പോയിന്റോടുകൂടി ഗണിതമേളയിൽ വീണ്ടും ഓവറോൾ കിരീടം നേടി**



## ശാസ്ത്രമേളയിലെ വിജയികൾ



ഹരിപ്രസാദ്
ഫസ്റ്റ്
റോബോട്ടിക്സ്



അറ്റ്ലസ് മേക്കിങ്
സെക്കൻഡ്
നസ്റിൻ എ



കമാലിക എം
അനശ്വര എസ്
ഫസ്റ്റ് റിസർച്ച്
ടൈപ്പ്



കാർത്തിക കെ
കാർത്തിക എസ്
ഫസ്റ്റ് സ്റ്റിൽ മോഡൽ

# സബ്ജില്ലാ പ്രവർത്തി പരിചയമേള




ആർദ്ര
സെക്കൻഡ്
പോസ്റ്റർ
ഡിസൈനിങ്



എസ് നിവേദ്യ
സെക്കൻഡ്
metal engraving



അനുശ്രീ ഫസ്റ്റ്
റെക്സിങ്
ക്യാൻവാസ്



അഭിനയ
സെക്കൻഡ്
വുഡ് വർക്ക്



shazna
beads work
2nd a grade




Nrithwid
പി 1st
മോഡലിംഗ്
വിത്ത് ക്ലേ



ഷാഫി ഫസ്റ്റ്
മോഡലിംഗ്
വിത്ത് ക്ലേ



Deeshna
ഫസ്റ്റ് പോട്ടറി
പെയിന്റിംഗ്



ഗോപിക
സെക്കൻഡ്
stuffed toy

മനോരമ
പത്രത്തിൽ
വുഡ്
ക്രാഫ്റ്റ്
ചെയ്യുന്ന
അഭിനയു
ടെ ചിത്രം
വന്നപ്പോ
ൾ

## ജില്ലക്ക് വേണ്ടി മത്സരിക്കുന്ന ഞങ്ങളുടെ വിദ്യാർത്ഥികൾ



ഹാ മർ ത്രോയിൽ ജില്ലയിൽ നിന്നും മൂന്നാം സ്ഥാനം നേടിയ നവനീത് കൃഷ്ണ സ്റ്റേറ്റ് ൽ മത്സരിക്കും





ഭദ്രാസനൽ സ്പന്ദന പി ഗണിതശാസ്ത്ര ഗ്രൂപ്പ് പ്രോജക്റ്റിൽ ഒന്നാം സ്ഥാനത്ത് എത്തി സ്റ്റേറ്റിൽ മത്സരിക്കും

വിജിത്ത് ആർ എച്ച് എസ് വർക്കിംഗ് മോഡൽ ഗണിതശാസ്ത്രത്തിൽ രണ്ടാം സ്ഥാനത്ത് എത്തി സ്റ്റേറ്റിൽ മത്സരിക്കും



അശ്വിൻ കൃഷ്ണ വി കെ ഗണിത ഗെയിമിൽ ഒന്നാം സ്ഥാനത്ത് എത്തി സ്റ്റേറ്റിൽ മത്സരിക്കും

ഗണിത മാഗസിൻ സെക്കൻഡ് എഗ്രേഡ് സ്റ്റേറ്റിൽ മത്സരിക്കും

**54 പോയിന്റോടെ ഗണിതശാസ്ത്രമേള ജില്ലയിൽ ഓവറോൾ ചാമ്പ്യന്മാരായി**

# State level inclusive sports 25- 26

**20/10/25 സ്റ്റേറ്റിലേക്ക് തിരഞ്ഞെടുത്ത ഞങ്ങളുടെ വിദ്യാർത്ഥികൾ**




Athul krishna 8d above14 cricket



Anjana m 8a above 14 hand ball 3rd prize

## ഉപജില്ല കലോത്സവം

**30/10/25ഉപജില്ല കലോത്സവത്തിൽ രചനാ വിഭാഗം മൃദംഗം ഭരതനാട്യം കുച്ചുപ്പിടി നാടോടി നൃത്തം സംഘഗാനം മാപ്പിളപ്പാട്ട് എന്നിങ്ങനെ ഒട്ടനവധി പരിപാടികളിൽ വിദ്യാർത്ഥികൾ പങ്കെടുത്തു**





മൃദംഗം ഇനത്തിൽ മത്സരിച്ച സിദ്ധാർത്ഥ എസ് ഒന്നാം സ്ഥാനത്ത് എത്തി ജില്ലയ്ക്ക് വേണ്ടി മത്സരിച്ചു



ശാസ്ത്രീയ സംഗീതത്തിൽ മത്സരിച്ച വൈഷ്ണവി എസ് രണ്ടാമതെത്തി

സംസ്കൃത ഉത്സവത്തിൽ മികച്ച പ്രകടനമാണ് karnakayamman സ്കൂൾ കാഴ്ചവച്ചത്

# അമ്മയെപ്പോലെ സ്നേഹിക്കാൻ കടലമ്മ

അന്നൊരു മഴക്കാലമായിരുന്നു പ്രളയക്കടലിൽ ആഴ്ന്ന് ഒലിച്ചു പോയവരുടെ വേദന അമ്മയെയും അച്ഛനെയും കാണാതെ തേങ്ങുന്ന പിഞ്ചു ബാല്യ ഹൃദയങ്ങളോടൊപ്പം മനുവും ഉണ്ടായിരുന്നു അച്ഛനും അമ്മയും തന്റെ കുഞ്ഞനുജത്തിയും അടങ്ങുന്ന ഒരു ചെറിയ കുടുംബമായിരുന്നു മനുവിന്റേത് സാമ്പത്തികശേഷി കുറവായതുകൊണ്ട് തന്നെ ഒരു ഉൾപ്രദേശത്താണ് അവർ ജീവിച്ചിരുന്നത് അർദ്ധരാത്രിയിൽ എന്തോ ശബ്ദം കേട്ട് മനു ഉണർന്നു ഉണർന്നപ്പോൾ ശബ്ദത്തിന്റെ ഭീകരത കൂടിയത് പോലെ അവന് തോന്നി കൊടുംകാറ്റ് വീശുകയും കനത്ത മഴയിൽ എന്തൊക്കെയോ വീഴുന്നതിന്റെയും ഒക്കെ ശബ്ദങ്ങൾ അവൻ കേട്ടു. ആരും അറിയാതെ മേശയെടുത്ത് വന്ന് അതിൽ കയറി ബെഡ്റൂമിൽ കുഞ്ഞു ജനാധിലൂടെ അവൻ പുറത്തേക്കു നോക്കി ചുറ്റും ഒരു അപൂർവത കാതുകൾക്ക് തരിപ്പ് തോന്നിപ്പിക്കുന്ന ഭീകര ശബ്ദങ്ങൾ ഒരു മനുഷ്യക്കുഞ്ഞു പോലും ചുറ്റുമില്ല ഒരുമിച്ച് എങ്ങോട്ടെങ്കിലും പോയതാകും എന്ന് മനു വിചാരിച്ചു അവൻ പോയി കിടന്നുറങ്ങി പിറ്റേദിവസം അവൻ ഉണർന്നപ്പോൾ അവന്റെ കൂടെ ആരുമില്ല പായയിൽ കിടന്ന് ഞാൻ എങ്ങനെ ചെളി വെള്ളത്തിലെത്തി എന്ന് അവൻ ചിന്തിച്ചു അമ്മ എവിടെ അച്ഛനെവിടെ അവർ കുഞ്ഞു അനിയനെയും കൂട്ടി കളിക്കാൻ പോയോ എന്നെ എന്തായിരുന്നു നോക്കിക്കോ അമ്മ വന്നാൽ ഞാൻ അമ്മയുടെ മിണ്ടില്ല എന്നാലും അവർ എന്നെ ഇങ്ങനെയൊക്കെ സ്വയം പറഞ്ഞു അവൻ ഉറങ്ങിപ്പോയി മനു ഒരു ചെറിയ കുട്ടി ആയതുകൊണ്ട് അവന്റെ നിഷ്കളങ്ക ഹൃദയത്തിന് പ്രളയം എന്നാൽ എന്തെന്നോ പ്രളയത്തിൽ മരണപ്പെട്ടവരുടെ വേദന എന്തെന്ന് അവൻ അറിയില്ലായിരുന്നു ഉറക്കം ഉണർന്നപ്പോൾ വിജനമായ കടപ്പുറത്തായിരുന്നു മനു ഉണ്ടായിരുന്നത് അപ്പോൾ അവന്റെ മനസ്സ് മന്ത്രിച്ചു അച്ഛനും അമ്മയും തന്റെ കുഞ്ഞ് അനിയനെയും ഒന്നും തിരിച്ചു വരില്ല മനുവിന്റെ ആ കുഞ്ഞു പൊട്ടി അവൻ കരയാൻ തുടങ്ങി പെട്ടെന്ന് ഒരു വ്യത്യസ്ത ശബ്ദം കേട്ടു അവൻ തോന്നി അത് തിരമാലകളിൽ നിന്നാണെന്ന് പെട്ടെന്ന് ആ ശബ്ദം വലുതായി മോനെ സങ്കടപ്പെടേണ്ട കൂടെ ഈ കടലമ്മയുണ്ട് ഇത് കേട്ടപ്പോൾ പൊട്ടിക്കരഞ്ഞ് ആ കുഞ്ഞു മുഖത്ത് ഒരു പ്രസന്നത വരു ത്തി ചിരി കടലിനടുത്തോടി ആരും നമ്മുടെ കൂടെയില്ലെങ്കിലും ഒരു അമ്മയെപ്പോലെ സ്നേഹിക്കാൻ കടലമ്മയുണ്ട്

# ക്ലിക്ക്




ബ്രിട്ടീഷുകാർക്ക് ക്ലിക്കായ ഞാൻ മലയാളികൾക്ക് അമർത്തലുമേ...
മൊബൈലിലും ക്ലിക്ക് ക്യാമറയിലും ക്ലിക്ക് നാടക സ്വാധീനം വർദ്ധിക്കുന്നു....ഫോട്ടോഗ്രാഫറുടെ ക്യാമറയിൽ ക്ലിക്കിലൂടെ കാണും ചിത്രം പകർന്നിടുമേ
മൊബൈൽ ഫോണിലെ ഉപഭോക്താവിന്റെ ക്ലിക്കിലൂടെ സൗഹൃദബന്ധം നിലനിർത്തും ഞാൻ..... ന്യൂജനറേഷൻ കാലം വന്നതോടെ ക്ലിക് സ്വാധീനം വർദ്ധിക്കുന്നേ....ബ്രിട്ടീഷുകാരുടെ ക്ലിക്ക് ആയ ഞാൻ മലയാളികൾക്ക് അമർത്തലുമേ..... വീട്ടിലും ക്ലിക്ക് നാട്ടിലും ക്ലിക്ക് ക്യാമറയിലെ ഒരൊറ്റ ക്ലിക്ക്..... കാണും ചിത്രം പകർന്നിടും ഞാൻ നൂതന സാങ്കേതികയിലും വിദഗ്ധനാണെ....

# തിരമാലകൾ എന്നെ പഠിപ്പിച്ച പാഠങ്ങൾ

കടലിനോട് വളരെ അടുപ്പമുള്ള ഒരാളാണ് ഞാൻ കടലിനരികിൽ ആയിരുന്നു എന്റെ ജീവിതം ഒരുപാട് പ്രശ്നങ്ങൾക്കിടയിലാണ് എന്റെ ജീവിതം. കഴിയുംതോറും എന്നെ തേടി വരുന്ന പ്രശ്നങ്ങൾ എന്നെ തളർത്താറുണ്ട് ഒരാളോട് പോലും എന്റെ സങ്കടങ്ങൾ തുറന്നു പറയാൻ കഴിയില്ലായിരുന്നു. കഴിയില്ലായിരുന്നു എന്നല്ല എന്റെ പ്രശ്നങ്ങൾ കേൾക്കാൻ ആരും തയ്യാറാവില്ല എനിക്ക് ചുറ്റും മനുഷ്യരൂപത്തിലുള്ള പ്രശ്നങ്ങളാണ് ഒരു രാത്രി എങ്കിലും തലയണ കണ്ണീരിൽ കുതിരാതെ ഉറങ്ങണമെന്ന് എനിക്ക് ആഗ്രഹമുണ്ട്.സ്വപ്നങ്ങൾ കാണാൻ കഴിയാത്തതാണ് എന്റെ മിക്ക രാത്രികളും.കടലായിരുന്നെങ്കിൽ ഞാൻ എന്ന് എനിക്ക് തോന്നാറുണ്ട്. അതാവുമ്പോൾ പ്രശ്നങ്ങൾ ഇല്ലാതെ ജീവിക്കാലോ കടലിനരികിൽ ഒരു ചെറിയ തണുത്ത കാറ്റും കൊണ്ടിരിക്കാൻ ആണ് എനിക്കിഷ്ടം. കൂടെ വെള്ളം ഒഴുകുന്ന ശബ്ദവും അമ്മയില്ലാത്ത എനിക്ക് കടലമ്മ യായിരുന്നു തണൽ എന്റെ വിഷമങ്ങൾ കേൾക്കാൻ കടലിനു പോലും മടിയായിരുന്നു പറഞ്ഞാൽ.. തീരാത്തതല്ലേ എന്റെ പ്രശ്നങ്ങൾ.ഞാൻ എന്റെ പ്രശ്നങ്ങൾ പറഞ്ഞു തുടങ്ങുമ്പോഴേക്കും കടലമ്മ എന്റെ കാൽച്ചുവടുകൾ നനച്ച് തിരികെ പോകുമായിരുന്നു. എന്നാലും എന്നെ നോക്കി അങ്ങ് ദൂരെ പാറക്കെട്ടുകൾക്കിടയിൽ ഒളിഞ്ഞിരിക്കുമായിരുന്നു.ഞാൻ കാണുന്നില്ല എന്നാണ് വിചാരം കടൽ അമ്മയോട് വെറുപ്പ് തോന്നിയ ഒരു കാലം ഉണ്ടായിരുന്നു എനിക്ക് കടലമ്മയെ കാണുന്നതുതന്നെ എനിക്ക് വെറുപ്പായിരുന്നു എന്നെ അനാഥരാക്കിയത് കടലമ്മയാണ് ഞാൻ ഒന്നിൽ പഠിക്കുമ്പോൾ അതായത് അപ്പോൾ എനിക്ക് 6 വയസ്സ് അപ്പോഴായിരുന്നു എന്റെ അമ്മയെ കടലമ്മ കൊണ്ടുപോയത് അതിനുശേഷം ഞാൻ വളർന്നത് ഒറ്റയ്ക്കായിരുന്നു കുറച്ചുനാൾ കഴിഞ്ഞപ്പോൾ എനിക്ക് തന്നെ തോന്നി എന്റെ അമ്മ കടലമ്മയുടെ മാറിൽ കിടക്കുന്നുണ്ടെന്ന് അതായിരിക്കും എന്നെ കാണാൻ കടലമ്മ ഇടയ്ക്കിടയ്ക്ക് വന്നു നോക്കുന്നത് അങ്ങനെയാണ് കടലമ്മയെ ഞാൻ എന്റെ പേര് ചോദിച്ചാൽ കടലമ്മ എന്നായിരിക്കും എന്റെ മറുപടി. ഇത് കേട്ട് ചിരിക്കാത്ത ആരും ഉണ്ടാവില്ല. അതുകൊണ്ടാണ് ഞാൻ എപ്പോഴും കടലിനരികിൽ കാവൽ ഇരിക്കുന്നത്. അവിടെ ഞാൻ

ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നാറേയില്ല രാത്രികളിൽ ഞാൻ കണ്ണു തുറന്നു കിടക്കുമ്പോൾ കടലമ്മ എനിക്ക് കഥ പറഞ്ഞു തരും ചിലപ്പോൾ അത് വെറും തോന്നലാവാം തിരമാലകളുടെ ശബ്ദം കേട്ടാണ് ഞാൻ എഴുന്നേൽക്കാറ്. ഞാൻ തിരമാലകളോട്  എപ്പോഴും പ്രാർത്ഥിക്കുമായിരുന്നു എന്റെ അമ്മയെ കൊണ്ടുപോയത് പോലെ എന്നെയും കൊണ്ട് പോയിക്കൂടെ എന്ന്. അത് കേട്ടയുടൻ അങ്ങ് പോകും എന്നാലും എന്നെ തേടി വരും അതുകൊണ്ട് കുതിർന്ന മണ്ണിൽ കടലമ്മ കള്ളി എന്ന് ഞാൻ എപ്പോഴും എഴുതും കടലമ്മയ്ക്ക് ഒട്ടും ധഹി ക്കില്ല.തന്റെ മാറിൽ കിടക്കുന്ന തിരമാലകളെ പറഞ്ഞുവിടും അപ്പൊ തിരമാലകൾ വന്ന് എഴുതിയതിന് വലിച്ച് അങ്ങ് കൊണ്ടുപോകും. എന്നാലും ഞാൻ നിർത്താറില്ല അത് കഴിഞ്ഞിട്ടുള്ള രണ്ട് മൂന്ന് ദിവസം എനിക്ക് കടലമ്മയുടെ അടുത്ത് പോകാൻ തോന്നിയില്ല പിന്നെ ഞാൻ എന്റെ അമ്മയെ കാണാനായി പോയി. കടലമ്മ എന്നോട് മിണ്ടിയില്ല അല്ലെങ്കിൽ ഞാൻ പോകുമ്പോൾ എന്റെ അടുത്ത് തിരമാലകൾ വരും എന്നാൽ അന്ന് വന്നില്ല. പോകാത്തതിന്റെ പേരിൽ എന്നോട് മിണ്ടിയതേയില്ല എന്നാലും എന്റെ പ്രശ്നങ്ങൾ ഒന്നും തീർന്നിട്ടില്ല രാത്രി എന്നെ തേടി വരുന്ന പ്രശ്നങ്ങളെ കുറിച്ച് തിരമാലയോട് പറഞ്ഞു പാവം ഒരക്ഷരം മിണ്ടാതെ മുഴുവനം കേട്ടിരുന്നു. അപ്പോൾ ഞാൻ ചോദിച്ചു നിനക്ക് എങ്ങനെ മിണ്ടാതെ തലയാട്ടി ഇരുന്നാൽ പോരെ ഞാനല്ലേ അനുഭവിക്കേണ്ടതെന്ന് തിരമാലകൾ തന്റെ പ്രശ്നങ്ങൾ എന്നോട് പറഞ്ഞു. അതോടുകൂടി എനിക്ക് മനസ്സിലായി ഈ ഭൂമിയിൽ ജീവിക്കുന്ന എല്ലാവർക്കും പ്രശ്നങ്ങൾ ഉണ്ടെന്ന് നിർത്താതെ ഒഴുകിവരുന്ന തിരമാലകൾക്ക് പോലും പ്രശ്നങ്ങളുണ്ട് എപ്പോഴും സുഖത്തോടെ ഒരാൾക്ക് പോലും ജീവിക്കാൻ സാധ്യമാവില്ല.നിർത്താതെ ഒഴുകിവരുന്ന തിരമാലകൾക്ക് പോലും പ്രശ്നങ്ങളുണ്ട് എപ്പോഴും സുഖത്തോടെ ഒരാൾക്ക് പോലും ജീവിക്കാൻ സാധ്യമാവില്ല തിരമാലകൾ എന്നെ പഠിപ്പിച്ച പാഠം ഞാൻ ഇപ്പോഴും ഓർക്കുന്നു..



# ഹൃദയത്തിൽ പതിഞ്ഞത്


ഹൃദയത്തിന്റെ ഉൾനാമ്പുകളിൽ മധുരമാം
ഓർമ്മകൾ പുഞ്ചിരി വിടരും ആ...
മനസ്സിൽ ഹൃദയത്തിൽ നിന്നും ഒരു ക്ലിക്ക്

ചിത്രങ്ങൾ സമ്മാനിക്കും സന്തോഷത്തിന്റെ
ക്ലിക്കുകൾ
സന്തോഷത്തിൻ പുഷ്പങ്ങൾ വിരിയുമാം നിമിഷം

ക്യാമറ കണ്ണിലൂടെ പതിഞ്ഞു നിൽക്കുന്ന
ചിത്രങ്ങൾ അടിക്കുന്ന ക്ലിക്ക്
ക്ലിക്കുകളിലൂടെ നിറയുന്ന ഓർമ്മകൾ......

വർണ്ണങ്ങളുടെ മനോഹരതയെ കാണിക്കുന്ന
ക്ലിക്കുകൾ

എന്നും മായാജാലങ്ങൾ
എന്നപോലെ ഒരു ക്ലിക്ക്.



# തിരമാലകൾ എന്നോട് പറഞ്ഞത്

## വെറുതെ ഒരു തോന്നൽ

നവിന്റെ അച്ഛൻ ഒരു മീൻ പിടിക്കൽ തൊഴിലാളിയായിരുന്നു. അതുകൊണ്ടുതന്നെ അവന്റെ വീട് കടലിനടുത്തായിരുന്നു അവൻ ദിവസവും ആ കടൽത്തീരത്ത് പോയി വെറുതെ ഇരിക്കുമായിരുന്നു അവനും ആ കടലും തമ്മിലുള്ള ആത്മബന്ധം വളരെയേറെയായിരുന്നു. ഒരു ദിവസമായി വൈകുന്നേരം ആയപ്പോൾ അവൻ സാധാരണ പോലെ ആ കടൽക്കരയിൽ പോയിരുന്നു അവൻ അവന്റെ ഇതുവരെയുള്ള ജീവിതത്തിലെ കാര്യങ്ങൾ എല്ലാം ആലോചിച്ചു അവൻ അനുഭവിച്ച ദുഃഖങ്ങളും സുഖങ്ങളും എല്ലാം ആലോചിച്ചു അവന്റെ അമ്മയ്ക്ക് അവനെ വലിയ ഡോക്ടറോ അധ്യാപകനോ ആക്കണമെന്നായിരുന്നു ആഗ്രഹം. പക്ഷേ അവന് അവന് പ്രകൃതിയോട് ഇണങ്ങി ജീവിക്കാനായിരുന്നു ഇഷ്ടം തന്നെയുമല്ല അവൻ നന്നായി എഴുതുമായിരുന്നു സ്കൂളിൽ കുറേ തവണ അവനെ എഴുത്തുരചനകളിൽ സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട് പെട്ടെന്ന് അവനെ ആരോ വന്നു വിളിച്ചതുപോലെ ആലോചനകളിൽ നിന്നും എല്ലാം അവൻ ഞെട്ടി എഴുന്നേറ്റു അവൻചുറ്റും നോക്കി ആരുമില്ല തണുത്ത കാറ്റ് അവനെ തഴുകി നല്ല അന്തരീക്ഷം പനിനീർ നിറമുള്ള ആകാശത്തുനിന്നും കപളങ്ങൾ പുതപ്പിച്ച് സൂര്യൻ മെല്ലെ മായാൻ തുടങ്ങി ആ കടൽ അശാന്തം ആയിരുന്നു തിരമാലകൾ ആർത്തുറച്ച് വളരെ ശക്തിയിൽ തീരത്തേക്ക് അടിച്ചു കൊണ്ടിരുന്നു ആ തിരമാലകൾ കണ്ടപ്പോൾ അവനു തോന്നിയത് അവക്ക് തന്നോട് എന്തൊക്കെയോ പറയാനുണ്ട് എന്ന്. തിരമാലകൾ അവരുടെ ജീവിതം തന്നോട് പങ്കുവയ്ക്കുന്നത് പോലെ അവന് തോന്നി തന്റെ ജീവിതവും തന്നോട് പറയുന്ന അവരുടെ ജീവിതവും തമ്മിൽ അവനൊന്ന് താരതമ്യം ചെയ്തു.



ആ തിരമാലകളെ കണ്ട കുറേ കാര്യങ്ങൾ പഠിക്കാനുണ്ടെന്ന് അവനു തോന്നി . നേരം വളരെ ഇരുട്ട് ആയിരിക്കുന്നു ആകാശം കറുത്ത തുടങ്ങി അവൻ അവിടെ നിന്നും എഴുന്നേറ്റ് പതുക്കെ വീട്ടിലേക്ക് നടക്കാൻ തുടങ്ങുമ്പോൾ ആരോ പുറകിൽ നിന്നും വിളിക്കുന്നതുപോലെ അവന് തോന്നി അവൻ പുറകോട്ടു തിരിഞ്ഞു ആരുമില്ല ആ കടൽത്തീരത്ത് നിന്ന് ഒരു ചെറിയ പുഞ്ചിരി നൽകിക്കൊണ്ട് അവൻ പതിയെ വീട്ടിലേക്ക് നടന്നു.

# ക്ലിക്ക്

ജീവിതം മുന്നിൽ ചിരിച്ചു നിൽക്കുന്ന സന്തോഷത്തിനായി ക്ലിക്ക്

ചിത്രം പോലൊരു ഭാവം ഉദിക്കും സൂര്യകിരണങ്ങൾ

ചിരിയും സങ്കടം മാറ്റാൻ ക്ലിക്ക്

നമ്മുടെ കുടുംബം പോലൊരു സന്തോഷത്തിനു മുന്നിൽ ക്ലിക്ക്

ചിരിയും സങ്കടവും മാറ്റം സൂര്യകിരണം പോലെ ഉദിക്കും

സന്തോഷത്തിനു മുന്നിൽ നിൽക്കൂ ഭാവത്തിൻ ക്ലിക്ക്

ജീവിതം തേനൂറുന്ന നിമിഷം പോലെ നമ്മളെ എത്തിക്കുന്ന ഭാവത്തിൻ പുഞ്ചിരികൾ വിടർന്നു നിൽക്കൂ കുടുംബം പോലൊരു മാറ്റം വരുന്ന ചിരിയും കളിയും പുഞ്ചിരിയുടെ ഭാവത്തിനു പോലെ ഉദിക്കും ക്ലിക്ക്


നമ്മുടെ ചിരിയും കുടുംബത്തിനും മുന്നിൽ ഉദിക്കും സൂര്യൻ കിരണങ്ങൾ പോലൊരു മുന്നിൽ വിരിഞ്ഞിടുന്ന ഒരു ഭാവമാം പോലൊരു ക്ലിക്ക്

പുഞ്ചിരി പോലൊരു നിമിഷത്തിൻ മുന്നിട്ടുനിൽക്കു



നമ്മൾ കുടുംബം പോലൊരു സ്നേഹത്തിൻ സൂര്യകിരണങ്ങൾ ഉദിക്കും നമ്മൾ ഭാവത്തിൽ നമ്മുടെ കുടുംബത്തിനു മുന്നിൽ കൈയിൽ ക്ലിക്ക് അമർത്തുമ്പോൾ നമ്മുടെ പുഞ്ചിരിഭാവം ഉദിക്കും

സൂര്യനെ പോലെ ഉദിക്കും ക്ലിക്ക്......



# ഉപന്യാസം


## രാഷ്ട്ര നിർമ്മാണത്തിൽ യുവതലമുറയുടെ പങ്ക്

ഒരു രാജ്യത്തിന്റെ അടിത്തറ എന്നത് ആ രാജ്യത്തിന്റെ രാഷ്ട്ര നിർമാണത്തിൽ വരുന്ന രീതികളെ ചുറ്റിപ്പറ്റിയിരിക്കുന്നു.ഒരു രാഷ്ട്രത്തിന്റെ വളർച്ച എന്നത് ആ നാട്ടിലെ പൗരന്മാരുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ചിന്തയും രാജ്യത്തിന്റെ പുരോഗതിക്കായ‌ി പൗരന്മാർ എടുത്തുവയ്ക്കുന്ന കാൽവയ്പ്പുമാണ്




പണ്ടുകാലത്തെ സമൂഹത്തിലെ ചിന്തകളിൽ നിന്നും ഒരുപാട് മെച്ചപ്പെട്ട കാലത്തിലാണ് നമ്മൾ ജീവിക്കുന്നത് ഇതിനു കാരണമായത് രാഷ്ട്ര നിർമ്മാണ രീതിയിലെ വ്യത്യാസങ്ങളാണ് പണ്ട് കാലത്ത് നിലനിന്നിരുന്ന അടിച്ചമർത്തലും ചൂഷണങ്ങളും തുടച്ചുനീക്കപ്പെട്ട സ്വതന്ത്രമായ സമൂഹത്തിനായി രാഷ്ട്ര നിർമ്മാണത്തിൽ വ്യത്യാസങ്ങൾ ആരംഭിച്ചു സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ചു പുത്തൻ തലമുറയുടെ പുരോഗമന ചിന്തകളും ചേർന്നാണ് ഇന്ന് ഈ രാഷ്ട്രം നിലനിൽക്കുന്നത്.യുവതലമുറ രാഷ്ട്ര രൂപീകരണത്തിന് വലിയൊരു പങ്കുവഹിക്കുന്നു. സമൂഹത്തിൽ നടക്കുന്ന എല്ലാ വിഷയങ്ങളും ഇന്നത്തെ കുഞ്ഞുങ്ങൾ അറിയുന്നുണ്ട്. ഇന്നത്തെ യുവാക്കൾ തങ്ങളുടെ അവകാശങ്ങൾ പ്രാവർത്തികമാക്കാൻ കഴിവുള്ളവരാണ് തങ്ങളുടെ ഓരോ ചിന്തകളും രാജ്യത്തിന് ഉപയോഗപ്രദമാക്കണമെന്ന് ആഹ്വാനം ചെയ്യുന്ന ഒരു കൂട്ടം യുവാക്കളുടെ നടുക്കാണ് നമ്മൾ ജീവിക്കുന്നത്. ആധുനിക കാലത്തെ മനുഷ്യജീവിതത്തിൽ നിന്നും വ്യത്യസ്ത ജീവിത രീതി പരിശീലിച്ച് വരുന്ന സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത് പണ്ട് കാലത്തെ ജീവിതത്തിൽ നിന്നും വ്യത്യസ്തമായി ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ് ഇന്നത്തെ തലമുറ ഓരോ തലമുറയുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് അത് പ്രാവർത്തികമാക്കുകയും ആ മാറ്റത്തിന്റെ മധുരം നുണയുകയുമാണ് രാജ്യം.ഓരോ

പ്രാവർത്തികമാക്കുകയും ആ മാറ്റത്തിന്റെ മധുരം നുണയുകയുമാണ് രാജ്യം.ഓരോ പ്രവർത്തനവും രാജ്യത്തിന്റെ ഓരോ കാൽവെപ്പാണ്. ഓരോ മാറ്റങ്ങളും മറ്റുള്ള രാജ്യങ്ങളിൽ നിന്നും വ്യത്യസ്തരാകാൻ ശ്രമിക്കുന്നതിന്റെ അടയാളമാണ്. വിവിധ തലമുറയുടെ ആശയങ്ങൾ കൊണ്ട് വ്യത്യാസം സൃഷ്ടിക്കപ്പെട്ട ഒരു മേഖലയാണ് വിദ്യാഭ്യാസം പണ്ടുകാലത്തെ ഗുരുകുലസമ്പ്രദായത്തിൽ നിന്നും ഇന്നത്തെ പഠനരീതിയിൽ വന്ന മാറ്റങ്ങൾ വലുതാണ് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുകയും സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലും ഇന്നത്തെ വിദ്യാഭ്യാസ രീതി ഒരുപാട് മെച്ചപ്പെട്ടു.സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത് പണ്ട് കാലത്തെ ജീവിതത്തിൽ നിന്നും വ്യത്യസ്തമായി ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ് ഇന്നത്തെ തലമുറ ഓരോ തലമുറയുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് അത് പ്രാവർത്തികമാക്കുകയും ആ മാറ്റത്തിന്റെ മധുരം നുണയുകയുമാണ് രാജ്യം ഓരോ പ്രവർത്തനവും രാജ്യത്തിന്റെ ഓരോ കാൽവെപ്പാണ് ഓരോ മാറ്റങ്ങളും മറ്റുള്ള രാജ്യങ്ങളിൽ നിന്നും വ്യത്യസ്തരാകാൻ ശ്രമിക്കുന്നതിന്റെ അടയാളമാണ് വിവിധ തലമുറയുടെ ആശയങ്ങൾ കൊണ്ട് വ്യത്യാസം സൃഷ്ടിക്കപ്പെട്ട ഒരു മേഖലയാണ് വിദ്യാഭ്യാസം പണ്ടുകാലത്തെ ഗുരുകുലസമ്പ്രദായത്തിൽ നിന്നും ഇന്നത്തെ പഠനരീതിയിൽ വന്ന മാറ്റങ്ങൾ വലുതാണ് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുകയും സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലും ഇന്നത്തെ വിദ്യാഭ്യാസ രീതി ഒരുപാട് മെച്ചപ്പെട്ടു.അതിനാൽ തന്നെ പഠനത്തിന്റെ പ്രാധാന്യമെല്ലാം മനുഷ്യരും തിരിച്ചറിയുന്നുണ്ട് പഠനത്തിന്റെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കുമ്പോൾ രാജ്യം പുരോഗമനത്തിലേക്ക് നീങ്ങുകയാണ് ഇതുപോലെ ഓരോ പ്രവർത്തിയും രാജ്യത്തെ കൂടുതൽ പരമോന്നതയിലേക്ക് നയിക്കുന്നു ഇതിനെല്ലാം കാരണമാകുന്നത് പുതുമ നിറഞ്ഞ ആവശ്യങ്ങൾക്കായി പോരാടുന്ന യുവതലമുറയാണ്മെച്ചപ്പെട്ടു അതിനാൽ തന്നെ പഠനത്തിന്റെ പ്രാധാന്യമെല്ലാം മനുഷ്യരും തിരിച്ചറിയുന്നുണ്ട് പഠനത്തിന്റെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കുമ്പോൾ രാജ്യം പുരോഗമനത്തിലേക്ക് നീങ്ങുകയാണ് ഇതുപോലെ ഓരോ പ്രവർത്തിയും രാജ്യത്തെ കൂടുതൽ പരമോന്നതയിലേക്ക് നയിക്കുന്നു ഇതിനെല്ലാം കാരണമാകുന്നത് പുതുമ നിറഞ്ഞ ആവശ്യങ്ങൾക്കായി പോരാടുന്ന യുവതലമുറയാണ് യുവതലമുറയുടെ ഓരോ ആവശ്യങ്ങളും നീങ്ങുന്നത് രാജ്യത്തിന്റെ വികസനത്തിലേക്കാണ് യുവതലമുറയുടെ ഓരോ ആവശ്യങ്ങളും നീങ്ങുന്നത് രാജ്യത്തിന്റെ വികസനത്തിലേക്കാണ്



## കൗമാരവും കരുതലും



മനുഷ്യജീവിതത്തിൽ ഏറെ ആസ്വാദ്യവും എന്നാൽ ആശങ്കകുലവും ആയ കാലഘട്ടമാണ് കൗമാര കാലഘട്ടം. 13 വയസ്സ് മുതൽ 19 വരെയുള്ള കൗമാരത്തിലെ കാലയളവിനെ ടീനേജ് എന്നും പറയാറുണ്ട് ഏറെ ശ്രദ്ധയോടെ മാതാപിതാക്കളും അധ്യാപകരും സമൂഹവും ഒപ്പം അവരവരും നടന്നു നീങ്ങേണ്ട ഒരു കാലഘട്ടമാണ് ഇത്.

### മാതാപിതാക്കൾ

തങ്ങളുടെ മക്കൾ ബാല്യം കഴിഞ്ഞ് മുതിർന്നു തുടങ്ങിയിരിക്കുന്നു എന്ന് തിരിച്ചറിയണം. അർഹമായ അംഗീകാരവും പരിഗണനയും അവർക്ക് നൽകണം ഒപ്പം നിർലോഭമായി കരുതലും സ്നേഹവും കൂടി താരതമ്യേന അപാകതകൾ കുറഞ്ഞ ഒരു വ്യക്തി തുലോം കുറഞ്ഞ ഒരു വ്യക്തിത്വം കുട്ടിയിൽ സ്വയമേവ സംജാതമാകൂ. വീട് സ്നേഹത്തിന്റെ പര്യായമാകണം ഒപ്പം സന്തോഷം പ്രദാനം ചെയ്യുന്ന ഇടം ആകണം അതിനർത്ഥം മാതാപിതാക്കളുടെ

വ്യത്യസ്ത തലത്തിലുള്ള വേദനകളും സംഘർഷങ്ങളും ഗോപ്യമാക്കി വയ്ക്കുക എന്നുള്ളതല്ല. അത് മക്കളുമായി തന്മയീ ഭാവത്തോടെ പങ്കുവയ്ക്കണം ഹോർമോണുകളുടെ അമിത പ്രവർത്തനങ്ങളാൽപലപ്പോഴും സംഘർഷഭരിതമാകുന്ന മക്കളുടെ വികാരങ്ങളെ മാനിക്കുക.കരുതലും തലോടലും വേണ്ട ഇടങ്ങളിൽ അത് അപരിമേയമായി നൽകുക അങ്ങനെ ആയാൽ ശാസനകളെ അവർ വേണ്ട രീതിയിൽ ഉൾകൊള്ളുകയും സ്നേഹത്താൽ ബന്ധിതരാകുകയും ചെയ്യും. സ്നേഹം തേടി മക്കൾ വഴി തെറ്റി സഞ്ചാരികാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക.

### അധ്യാപകർ

പകൽസമയം ഏറിയ കൂറും കൗമാരക്കാല വിദ്യാർത്ഥികൾ അധ്യാപകരോടൊപ്പം ആണ്.ഓരോ കുട്ടിയും വ്യത്യസ്തരാണ് ഒരേ തരം ചിന്താ ധാര എന്ന ഉപകരണവുമായി അവരെ അളക്കാതിരിക്കുക ഓരോ കുട്ടിയിലെയും സ്വഭാവ വൈകല്യങ്ങൾ വ്യത്യസ്ഥമായിരിക്കും .

വൈകാരിക ബന്ധം സൃഷ്ടിച്ച് അവനെ അടുത്തറിയുക പ്രശ്നങ്ങൾ ചോദിച്ചറിയുക അതിൽ എവിടെ ഇടപെടണമോ അവിടെ ഇടപെട്ട് തിരുത്തുവാൻ മുന്നിട്ടിറങ്ങുക എന്നത് എന്റെ ധാർമിക ഉത്തരവാദിത്തമാണ് ഈ കാലഘട്ടത്തിലെ കൗമാരം

അതി സങ്കീർണം ആണെന്ന് ഒരിക്കലും ഞാൻ പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കുക
പാഠഭാഗങ്ങൾ തീർക്കുന്ന യന്ത്രങ്ങൾ മാത്രം ആകാതെ ഓരോ കുഞ്ഞുമനസ്സിനെയും ശുശ്രൂഷിക്കുന്നവരാകണം ഓരോ അധ്യാപകരും

സമൂഹം

വനം ഉണ്ടാകുന്നത് ഓരോ വൃക്ഷങ്ങൾ  ചേർനാണല്ലോ. അതുപോലെ സമൂഹം എന്നത് ഓരോ വ്യക്തികൾ ചേർന്ന് സൃഷ്ടമാകുന്നതാണ്. കൗമാരക്കാരന്റെ ചാപല്യങ്ങൾക് വിലപറയുന്ന അവരെ മുതലെടുക്കുന്ന അപകടകരമായ ഒരു സമൂഹമനസ്സ് കേരളത്തിന്റെ ശാപമായി മാറിക്കൊണ്ടിരിക്കുന്നു. മദ്യവും മയക്കുമരുന്നും കൗമാരക്കാരെ കവർന്നെടുക്കുന്നത് ഇതിനുള്ള ഉത്തമ ദൃഷ്ടാ ന്തമാണ്. അവന്റെ ചപലത  അവനെ ഏതെങ്കിലും അപകടപാതയിൽ എത്തിച്ചതായി കണ്ടെത്തിയാൽ വേണ്ട രീതിയിൽ സംരക്ഷണവും, സ്വാ ന്തനവും ആയി മാറുന്ന സമൂഹമാണ് വളർന്നു വരേണ്ടത്. ഓരോ പൗരനും രാജ്യത്തിന്റെ സമ്പത്താണെന്നും   അതിലൂടെ  സമൂഹത്തിന്റെ സ്വന്തമാണെന്നും തിരിച്ചറിഞ്ഞ് അവനെ പൊതു ഇടങ്ങളിൽ സംരക്ഷണ കവചമായി പൊ തിയുന്ന ശക്തിയായി  സമൂഹം മാറണം. ഈ ഗുണം നമുക്കോരോരുത്തർക്കും  സ്വായത്തമാക്കാം.



Ardhra. V
8-C



S NIVEDHYA  9 C



SREELAKSHMI SURESH  9 C



SANJAY KRISHNA . S 9A , PRAJIN .S 9D, SANJAY KRISHNA B 9A, ABHIRAJ.S 9B

SOORAJ,N 9A , SREERAM.K 9A

## എഡിറ്റോറിയൽ ബോർഡ്

# നന്ദി

തരണികയുടെ താളുകൾ അടക്കട്ടെ. ഈ സ്മരണികയുടെ സമ്പൂർണതയ്ക്ക് വേണ്ടി രചനകൾ നൽകി സഹകരിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വ്യക്തികൾക്കുംഎല്ലാ പ്രവർത്തനങ്ങൾക്കും താങ്ങും കരുത്തുമായി നിന്ന മാനേജർ ശ്രീ നടരാജൻ മാസ്റ്റർക്കും പ്രിൻസിപ്പൽ ശ്രീ വി കെ രാജേഷ്, പ്രധാന അധ്യാപിക ശ്രീമതി കെ വി നിഷ.കൂടെ നിന്ന് സഹകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും നന്ദി